## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2038** **05/05/2017-ൽ മറുപടിയ്ക്ക്**

**<u>പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമത്തിന് ഊന്നൽ നല്കി പുതിയ പദ്ധതികൾ</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീ. എൽദോ എബ്രഹാം : | | ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗക്ഷേമത്തിന് ഊന്നൽ നല്കി എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് അറിയിക്കുമോ; | (എ) | പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിന് ഊന്നൽ നല്കി 2017-18 സാമ്പത്തിക വർഷം നടപ്പിലാക്കി വരുന്ന പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. സാമൂഹ്യപഠനമുറി<br>2. ഗോത്രബന്ധു<br>3. അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി<br>4. ഗോത്രവാത്സല്യനിധി<br>5. വയനാട് ഗോത്രഭാഷാ പഠന കേന്ദ്രം<br>6. ആരോഗ്യ വിദ്യാഭ്യാസപരിപാടിയും തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ലഹരി വിരുദ്ധ പ്രചരണപരിപാടികൾ സംഘടിപ്പിക്കലും.<br>7. പോഷകാഹാരക്കുറവ്, ശിശു മാതൃമരണ നിരക്ക് എന്നിവ കുറയ്ക്കുന്നതിനായുള്ള പോഷകാഹാര പുനരധിവാസ പ്രചാരണ പരിപാടി ന്യൂട്രീഷൻ റിഹാബിലിറ്റേഷൻ.<br><br>വാത്സല്യനിധി പദ്ധതി, പഠനമുറി പദ്ധതി, കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിൽ വർക്കിംഗ് വിമൺസ് ഹോസ്റ്റൽ നിർമ്മിക്കുന്നതിനുള്ള പദ്ധതി, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പുതിയ പോസ്റ്റ് മെട്രിക് |

| | | | |
|---|---|---|---|
| | | | ഹോസ്റ്റലുകൾ, പുതിയ പി.ഇ.റ്റി.സികൾ, എം.ആർ.എസ്സുകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള പദ്ധതി എന്നിവയാണ് പട്ടികജാതിക്ഷേമത്തിന് ഊന്നൽ നല്കി 2017-18 സാമ്പത്തിക വർഷം പുതുതായി നടപ്പിലാക്കുന്ന പദ്ധതികൾ |
| **(ബി)** | എസ്.സി.പി., റ്റി.എസ്.പി. എന്നീ ഇനങ്ങളിൽ എത്ര കോടി രൂപയാണ് 2017-18-ലെ ബജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | **(ബി)** | പട്ടികവർഗ്ഗ വികസന വകുപ്പിൽ 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ടി.എസ്.പി. ഫണ്ട് വിഹിതം 890.09 കോടി രൂപയാണ്.<br><br>സംസ്ഥാനപദ്ധതി വിഹിതമായി 1427.60 കോടി രൂപയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള എസ്.സി.പി., വിഹിതമായി 1172.05 കോടി രൂപയും ഉൾപ്പെടെ 2599.65 കോടി രൂപ പട്ടികജാതി വികസന വകുപ്പിൽ 2017-18-ലെ ബഡ്ജറ്റിൽ ഉൾകൊള്ളിച്ചിട്ടുണ്ട്. |
| **(സി)** | സംസ്ഥാനത്ത് പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ജനസംഖ്യാനുപാതത്തിൽ അധികമായി പദ്ധതി അടങ്കലിൽ വക കൊള്ളിക്കാറുണ്ടോ; ഇക്കാര്യത്തിലുള്ള കേന്ദ്രസർക്കാർ സമീപനം ഇതിന് നേർവിപരീതമാണോ; എങ്കിൽ വിശദമാക്കുമോ? | **(സി)** | ഉണ്ട്. കേരളത്തിലെ ജനസംഖ്യയിൽ 1.45% വരുന്ന പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി 2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ബജറ്റിൽ നിന്നും 2.38 ശതമാനമായ 750.93 കോടി രൂപ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി വകയിരുത്തിയിട്ടുണ്ട്. കേരളത്തിലെ ജനസംഖ്യയിൽ 9.1% വരുന്ന പട്ടികജാതി വിഭാഗക്കാരുടെ ഉന്നമനത്തിനായി 2017-18 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിരിക്കുന്ന തുക സംസ്ഥാന പദ്ധതി അടങ്കലിന്റെ 9.81% തുകയാണ്.<br><br>ഭാരതത്തിന്റെ ജനസംഖ്യയുടെ 16.6% വരുന്ന പട്ടികജാതിക്കാർക്കും 8.6% വരുന്ന പട്ടികവർഗ്ഗക്കാർക്കും ചേർന്ന് ആകെ 25.2% പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി കേന്ദ്രസർക്കാർ 2014-15 സാമ്പത്തിക വർഷത്തിൽ 14.4% ഉം 2015-16-ൽ 10.09% വും 2016-17-ൽ 11.50% ശതമാനവും ബജറ്റ് വിഹിതമാണ് വകയിരുത്തിയിട്ടുള്ളത്. 2017-18 സാമ്പത്തിക വർഷത്തിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായി കേന്ദ്ര സർക്കാർ 84,311 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ